Deepika 06-09-18, P-09

# ഒരു ഹെക്ടറിൽ റബർകൃഷിക്കു ചെലവ് അഞ്ചു ലക്ഷമെന്നു റബർ ബോർഡ്

**സബ്സിഡി വാഗ്ദാനം 30,000 രൂപ**

**റെജി ജോസഫ്**

കോട്ടയം: ഒരു ഹെക്ടറിൽ റബർ തൈ നട്ട് ഏഴു വർഷം വളർത്തി ടാപ്പിംഗ് പ്രായമെത്തിക്കാൻ റബർ ബോർഡ് കണക്കാക്കി കേന്ദ്രത്തിനു സമർപ്പിച്ചിരിക്കുന്ന ചെലവ് അഞ്ചു ലക്ഷം രൂപ. സ്ഥലം കിളച്ചു കയ്യാല നിർമിച്ചു കുഴിയെടുക്കുന്നതിനും തൈ വാങ്ങി വളമിട്ടു വളർത്താനും കർഷകർക്കുണ്ടാകുന്ന ചെലവായി റബർ ബോർഡ് കണക്കാക്കിയിരിക്കുന്ന തുകയാണിത്. എന്നാൽ, അഞ്ചു ലക്ഷം രൂപയുടെ കൃഷിക്കു കേന്ദ്രം പരിഷ്കരിച്ചിരിക്കുന്ന സബ്സിഡിയാവട്ടെ വെറും മുപ്പതിനായിരം രൂപ. 25,000 രൂപ കൃഷിച്ചെലവിനും അയ്യായിരം രുപ തൈ വാങ്ങാനും.

മാർച്ചിലെ കേന്ദ്ര ബജറ്റിൽ അനുവദിച്ച 148 കോടി രൂപയ്ക്കു പുറമെ കഴിഞ്ഞ ദിവസം 68 കോടി രുപകൂടി റബർ ബോർഡിന് അനുവദിച്ചിട്ടുണ്ട്.

ഇതേത്തുടർന്ന് 2017 മുതൽ തൈ നട്ടതു മുതലുള്ള ആവർത്തനകൃഷിക്കു സഹായം നല്കാൻ അപേക്ഷ ക്ഷണിച്ചിരുന്നു. അര ലക്ഷത്തോളം പേർ അപേക്ഷ നല്കുമെന്നിരിക്കെ അടുത്തിടെ കൃഷി ചെയ്തവർക്കു കാര്യമായ സഹായത്തിനു പണം തികയില്ല. 2011 മുതലുള്ള ആവർത്തനകൃഷി സബ്സിഡി അപേക്ഷകളിൽ 40 കോടി രൂപ കുടിശികയുണ്ട്. കൂടാതെ 20 കോടി രൂപ സബ്ഡിക്കുള്ള അപേക്ഷ കെട്ടിക്കിടക്കുന്നുമുണ്ട്.



റബർ കർഷകരുടെ സംഘടിത കുട്ടായ്മയായ ആർപിഎസുകൾക്കുള്ള സഹായങ്ങളെല്ലാം മുന്നു വർഷമായി നിലച്ചിരിക്കുകയാണ്. പുകപ്പുര നിർമാണം, റബർ സംസ്കരണം തുടങ്ങിവയ്ക്ക് ആർപിഎസുകൾക്ക് മുമ്പ് തുക നല്കിയിരുന്നു. ഇപ്പോൾ അനുവദിച്ചിരിക്കുന്ന 68 കോടി മൂന്നോ നാലോ ഗഡുവായി മാത്രമെ ലഭിക്കൂ.

2015 മുതൽ 17 വരെ കൃഷി ചെയ്തവരെ സബ്സിഡിയിൽനിന്ന് ഒഴിവാക്കുകയും ചെയ്തു. ഇത്തരത്തിൽ ഒരു ലക്ഷത്തോളം കർഷകർക്ക് സബ്സിഡി നഷ്ടമായി.